**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 215** **12-10-2026-ൽ മറുപടിയ്ക്ക്**

**തൃക്കാക്കര മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള സർക്കാർ താലൂക്ക് ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തൃക്കാക്കര മണ്ഡലത്തിൽ നിലവിൽ സർക്കാർ സംവിധാനത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രി ഇല്ലാത്തതിനാൽ സാധാരണക്കാരായ രോഗികൾക്ക് കിടത്തി ചികിത്സയ്ക്കായി മറ്റ് പ്രദേശങ്ങളിലെ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** തൃക്കാക്കര മണ്ഡലത്തിൽ നിലവിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിന് ഭൗതീക സാഹചര്യങ്ങൾ ഉള്ള ആശുപത്രികൾ ഇല്ല. എന്നാൽ നിയമസഭാ മണ്ഡലത്തിന്റെ 10 കി.മീ ചുറ്റളവിനുള്ളിലായി തന്നെ കിടത്തി ചികിത്സയുള്ള ആലുവ ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തൃപ്പൂണിത്തുറ താലൂക്കാസ്ഥാന ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു.

**(ബി)** ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളും നിരവധി ഫ്ലാറ്റ് സമുച്ചയങ്ങളുമുള്ള തൃക്കാക്കര മണ്ഡലത്തിൽ ഒരു സർക്കാർ താലൂക്ക് ആശുപത്രി സ്ഥാപിച്ച് കിടത്തി ചികിത്സ ഉൾപ്പെടെയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** നിലവിൽ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**